LIBRARY ARCHIVES Kerala Legislative Assembly

അണക്കെട്ടുകളിലെ തടാകങ്ങൾ

77 [260] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:

,, സി. പി. മുഹമ്മദ്:

,, ടി. യു. രാധാകൃഷ്ണൻ:

,, ലൂഡി ലൂയീസ്:

,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ട് മൂലമുണ്ടായ തടാകമുൾപ്പെടെ സംസ്ഥാനത്ത് അണക്കെട്ടുകൾ മുഖേന എത്ര തടാകങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ബി) ഇവയിലെ ജലനിരപ്പിനെയും ആഴത്തെപ്പറ്റിയും എന്തെങ്കിലും പഠനം കാലാകാലങ്ങളിൽ നടത്താറുണ്ടോ;

(സി) എങ്കിൽ ഈ അണക്കെട്ടുകളിൽ ഇക്കഴിഞ്ഞ 5 വർഷങ്ങൾക്കുള്ളിൽ ജലത്തിന്റെ അളവിൽ ഉണ്ടായിട്ടുള്ള വ്യതിയാനം എത്രയെന്ന് കാണിക്കുന്ന സ്റ്റേറ്റുമെന്റ് ലഭ്യമാക്കുമോ;

(ഡി) ഈ കാലത്ത് അണക്കെട്ടുകളിൽ വെള്ളം കുറയാനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അണക്കെട്ടുകൾ മൂലം തടാകങ്ങൾ സൃഷ്ടിക്കപ്പെട്ടതായി അറിവില്ല. എന്നാൽ സംസ്ഥാനത്ത് പണി പൂർത്തീകരിച്ച ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 13 അണക്കെട്ടുകളോടനുബന്ധിച്ച് ജലസംഭരണികൾ ഉണ്ട്. മുല്ലപ്പെരിയാർ അണക്കെട്ട് മൂലവും ജലസംഭരണി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള അണക്കെട്ടുകൾ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) ഉണ്ട്.

(സി) ഇതുസംബന്ധിച്ച സ്റ്റേറ്റുമെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) അണക്കെട്ടുകളോടനുബന്ധിച്ചുള്ള സംഭരണികളിലെ ജലനിരപ്പു കുറയുവാനുള്ള പ്രധാന കാരണം മഴയുടെ കുറവാണ്. ഇതിനു പുറമെ സിൽറ്റിംഗ് മൂലം സംഭരണശേഷി കുറയുന്നതുമൂലവും ജലസംഭരണികളിലെ വെള്ളത്തിന്റെ അളവ് കുറയുന്നുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.